പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## പോലീസ് സേനയുടെ കാര്യക്ഷമതയും നിലവാരവും വർദ്ധിപ്പിക്കാൻ നടപടി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*310. 14/03/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ താൽക്കാലിക കണക്കുപ്രകാരം 2013 മുതൽ കുറ്റകൃത്യങ്ങൾ ക്രമാനുഗതമായി വർദ്ധിച്ചു വന്നിരുന്ന സ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി, മുൻവർഷത്തെ അപേക്ഷിച്ച് കുറ്റകൃത്യങ്ങളിൽ പത്തു ശതമാനത്തോളം കുറവുണ്ടായത് ഭാവിയിൽ കൂടുതൽ മെച്ചപ്പെടുത്താനായി പോലീസ് സേനയുടെ അംഗബലവും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും നവീകരണ പ്രവർത്തനങ്ങൾ നടത്താനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ ; | (എ) | സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2013 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത ക്രൈം കേസുകളിൽ ഐ.പി.സി. കേസുകളുടെ എണ്ണം പരിശോധിക്കുമ്പോൾ കുറ്റകൃത്യങ്ങൾ ക്രമാനുഗതമായി വർദ്ധിച്ചുവരുന്നതായും എസ്.എൽ.എൽ. (സ്പെഷ്യൽ ആന്റ് ലോക്കൽ ലാസ് ) (സംസ്ഥാനത്തിൽ പ്രാബല്യത്തിലുള്ള തദ്ദേശീയ നിയമങ്ങളും മറ്റ് പ്രത്യേക നിയമങ്ങളും) കേസുകളുടെ എണ്ണം കുറഞ്ഞ് വരുന്നതായും കാണപ്പെടുന്നു. തൽസ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി മുൻ വർഷത്തെ (2016) അപേക്ഷിച്ച് 2017 വർഷം കുറ്റകൃത്യങ്ങളിൽ യഥാക്രമം ഐ.പി.സി. കേസുകളുടെ എണ്ണത്തിൽ 9 ശതമാനത്തോളവും എസ്.എൽ.എൽ. കേസുകളുടെ എണ്ണത്തിൽ 7 ശതമാനത്തോളവും കുറവുള്ളതായി കാണപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | കൊഗ്നൈസിബിൾ ക്രൈംസ് | |
|---|---|---|
| | ഐ.പി.സി. | എസ്.എൽ.എൽ. |
| 2013 | 176334 | 406848 |
| 2014 | 206789 | 403576 |
| 2015 | 257074 | 396334 |
| 2016 | 260097 | 447773 |
| 2017 | 236685 | 416206 |

ഇത്തരത്തിൽ ഐ.പി.സി, എസ്.എൽ.എൽ. കേസ്സുകളിൽ വന്നിട്ടുള്ള കുറവ് ഭാവിയിൽ

| | | | |
|---|---|---|---|
| | | | കൂടുതൽ മെച്ചപ്പെടുത്തുവാനായി പോലീസ് സേനയുടെ അംഗബലം ജനസംഖ്യാ അനുപാതികമായി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ സർക്കാർ പരിശോധിച്ച് വരുകയാണ്..<br>പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിയമം, സൈബർ ക്രൈം, ഫോറൻസിക് സയന്റിഫിക്, ഫിംഗർ പ്രിന്റ് എവിഡൻസ് കളക്ഷൻസ്, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവയിൽ അവബോധം ഉണ്ടാകുന്നതിനായി വിദഗ്ധ പരിശീലനവും ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. |
| (ബി) | അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് പോലീസ് സേനയുടെ പ്രവർത്തനം ഉയർത്താനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി)<br>&<br>(സി) | അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് പോലീസ് സേനയുടെ പ്രവർത്തനം ഉയർത്തുന്നതിന് സംസ്ഥാനത്ത് നിരവധി പ്രവർത്തനങ്ങൾ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>കേസന്വേഷണത്തിനും തെളിവുകൾക്കുമായി ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും അതുവഴി കുറ്റവാളികളെ കണ്ടെത്തി അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള രീതിയാണ് അവലംബിക്കുന്നത്.<br><br>ക്രമസമാധാനപാലനത്തിന് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ നിരീക്ഷണ സംവിധാനം ഫലപ്രദമായി ഏർപ്പെടുത്തുകയും പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി മനസിലാക്കി അവിടങ്ങളിൽ പോലീസ് സാന്നിദ്ധ്യമുറപ്പാക്കുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും, സബ് ഡിവിഷൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി. രേഖപ്പെടുത്തുന്നതിനും മറ്റുമായി സി.സി.റ്റി.എൻ.എസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതുമാണ്.<br><br>സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്.<br><br>കേരള പോലീസിന്റെ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് കേസ്സിന്റെ |
| (സി) | ഇതിന്റെ ഭാഗമായി പശ്ചാത്തല സൗകര്യങ്ങളിലും അതോടൊപ്പം പോലീസിന്റെ ഇടപെടലിലും എന്തൊക്കെ മാറ്റങ്ങൾ കൊണ്ടു വരാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | എഫ്.ഐ.ആർ ഡൗൺലോഡ് ചെയ്യുന്നതിനും, പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരാകാതെ തന്നെ പരാതികൾ ഇ-മെയിൽ മുഖാന്തിരം അയയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കേസ്സന്വേഷണം സുഗമമാക്കുന്നിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി.സിം കാർഡുകൾ നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് പരസ്പരം സൗജന്യമായി വിളിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സി.യു.ജി.സിം കാർഡുകൾ, കേസ്സന്വേഷണത്തിനും പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വളരെ സൗകര്യപ്രദമായിട്ടുണ്ട്. പരാതിയുമായി എത്തുന്നവരെ സ്വീകരിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>കേസ്സുകളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് ജില്ലാതലങ്ങളിൽ സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കുറ്റകൃത്യം നടന്ന സ്ഥലങ്ങളെ ക്രൈം മാപ്പിംഗ് സൈറ്റിൽ രേഖപ്പെടുത്തുന്ന ജി.ഐ.എസ്. (ജിയോ ഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം ) സംവിധാനം നിലവിലുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസ്, വനിതാ ഹെൽപ്പ് ഡസ്ക്, IAPS പെറ്റീഷൻ സംവിധാനം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ